**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ :H. DINESHAN IAS)

സംഗ്രഹം

വിഷയം :തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം -മുൻ പഞ്ചായത്ത് വകുപ്പിലെ ഹെഡ്ക്ലർക്ക് ശ്രീ. സുമോധ് ഒ - സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിച്ച് ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ .LSGD/PD/16745/2025-GEA3 തീയതി:27-10-2025

പരാമർശം:

1) തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 20.05.2025 തീയതിയിലെ LSGD/PD/362/2025-DEC1നമ്പർ ഉത്തരവ്.
2) പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018 ലെ ഇ5-38675/2017 നമ്പർ ഉത്തരവ്.
3) പ്രിൻസിപ്പൽ ഡയറക്ടറുടെ 23.06.2025 തീയതിയിലെ LSGD/PD/16745/2025-GEA3 നമ്പർ നോട്ടീസ്.
4) ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ 24.02.2012 തീയതിയിലെ 8130/ഉപസി.3/2010/ഉ.ഭ.പ.വ

**ഉത്തരവ്**

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ ഹെഡ്ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. സുമോധ് ഒ സീനിയർ ക്ലർക്ക് തസ്തികയിലെ സീനിയോരിറ്റി പുന:ക്രമീകരിച്ച് പരാമർശം (3) പ്രകാരം നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. കരട് നോട്ടീസ് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപങ്ങൾ സമർപ്പിച്ചവരെ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുമ്പാകെ നേരിൽ കേൾക്കുകയുണ്ടായി. കരട് നോട്ടീസ് സംബന്ധിച്ച് ആക്ഷേപം സമർപ്പിച്ച ശ്രീ ഗോകുൽരാജ് ആർ.കെ, അനുപമ വി.ആർ മുതൽ പേർ സമർപ്പിച്ച ആക്ഷേപം പ്രകാരം നോട്ടീസ് പ്രസിദ്ധപ്പെടുത്തി ആക്ഷേപങ്ങൾ പരിശോധിച്ച് ഹിയറിംഗ് നടത്തി അപാകതകൾ പരിഹരിച്ച് 23/05/2018 തീയതിയിൽ ഇ 5 -38675/2017 നമ്പറായി പ്രസിദ്ധീകരിച്ച അന്തിമ സീനിയോറിറ്റി പട്ടികയിൽ ഏഴ് വർഷത്തിനു ശേഷം ആക്ഷേപം ഉന്നയിക്കുന്നത് പരിഗണനാർഹമല്ല എന്നും സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് പ്രമോഷൻ അവസരം വന്നപ്പോൾ ടെസ്റ്റ് പാസാകാതെ തന്നെ റൂൾ 13 എ യുടെ ആനുകൂല്യം നൽകി 27/08/2013 ൽ സ്ഥാനക്കയറ്റം നൽകി അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ 2398 ക്രമനമ്പറായി ഉൾപ്പെടുത്തിയ ശ്രീ സുമോധിന് വീണ്ടും ക്ലർക്ക് തസ്തികയിലെ ഫീഡർ കാറ്റഗറി പ്രകാരം പ്രമോഷൻ തീയതി 01/07/2013 ആയി ക്രമീകരിക്കുന്നത് അംഗീകരിക്കാവുന്നതല്ല എന്നും അറിയിച്ചിരുന്നു. ശ്രീ ഷാജി.കെ.കെ സമർപ്പിച്ച ആക്ഷേപ പ്രകാരം തനിക്ക് ശ്രീ. സുമോധിന് മുമ്പായി സീനിയോറിറ്റിക്ക് അർഹത ഉണ്ട് എന്നും ആയതിനാൽ തൻ്െറ ആക്ഷേപം പരിഗണിക്കാതെ സുമോധിന് സീനിയോറിറ്റി പട്ടികയിൽ സ്ഥാനം ക്രമീകരിക്കുന്നതിനെതിരെയാണ് സമർപ്പിച്ചിരിക്കുന്നത്.

സൂചന 4 ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട ജീവനക്കാർക്ക് KS&SSR Part II 13A (1) (a) പ്രകാരവും,13a (2)എന്ന ചട്ടത്തിലെ നിബന്ധനകൾക്ക് വിധേയമായും പ്രമോഷൻ ടെസ്റ്റ് യോഗ്യത നേടിയിരുന്നു എങ്കിൽ പ്രമോഷൻ ലഭിക്കുമായിരുന്ന തീയതി മുതൽ മൂന്നു വർഷത്തേയ്ക്ക് താൽക്കാലിക ഇളവിന് അർഹതയുണ്ട് എന്ന് സ്പഷ്ടമാക്കിയിട്ടുണ്ട് ആയത് പ്രകാരമാണ് സൂചന 1 പ്രമോഷൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. ശ്രീ.ഷാജി.കെ.കെയുടെ സീനിയോറിറ്റി ക്രമീകരണത്തിനുള്ള അപേക്ഷ ശ്രീ സുമോധ് സമർപ്പിച്ച അപേക്ഷയിൽ തീർപ്പാക്കാൻ സാധിക്കില്ല. ആയതിനാൽ ലഭിച്ച ആക്ഷേപങ്ങൾ പരിഗണനാർഹമല്ല

മേൽ സാഹചര്യത്തിൽ ശ്രീ.സുമോധിന്റെ സീനിയർക്ലർക്ക് തസ്തികയിലെ പുനർനിർണ്ണയിക്കപ്പെട്ട ഉദ്യോഗകയറ്റ പ്രാബല്യത്തീയതിയായ 01.07.2013 അടിസ്ഥാനമാക്കി പരാമർശം(2) സീനിയോറിറ്റി പട്ടികയിൽ ക്രമനം.2065 ശ്രീ.വിനീത്.വി.എല്ലിനും ക്രമനം.2066 ശ്രീമതി.അമ്പിളി.പി-യ്ക്കും ഇടയിലായി ക്രമനം.2065എ ആയി

പുനക്രമീകരിച്ചും ശ്രീ.സുമോധ് ഉൾപ്പെട്ട ക്രമനം.2398 DELETED എന്ന് രേഖപ്പെടുത്തിയും പരാമർശം(2) സീനിയോരിറ്റി പട്ടിക പുനക്രമീകരിച്ചും അന്തിമമാക്കിയും ഉത്തരവാകുന്നു.

H. DINESHAN IAS
PRINCIPAL DIRECTOR

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീ. സുമോധ് ഒ, സീനിയർ ക്ലാർക്ക്( ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
3. സിസ്റ്റം സൂപ്പർവൈസർ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4. ജൂനിയർ സൂപ്രണ്ട് DEB-സെക്ഷൻ
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Dineshan H
Date: 27-10-2025 21:33:49